**പൊതുസ്ഥലത്തിന്റെ നടത്തിപ്പ് / നിയന്ത്രണ അധികാരികൾ ശരിയായ വലിപ്പത്തിലും, ആർക്കും കാണത്തക്കവിധവും പുകവലി നിരോധനസ്ഥലം എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.**

## നിയമം അനുശാസിക്കുന്ന ശിക്ഷയും, പിഴയും

- പൊതുസ്ഥലത്ത് പുകവലിയ്ക്കുന്നവർക്ക് 200 രൂപ വരെ പിഴ ചുമത്താം.
- പ്രായപൂർത്തിയാവാത്ത (18 വയസിൽ താഴെ ഉള്ള) ആളുകൾക്ക് പുകയില ഉത്പന്നങ്ങൾ വിൽക്കുകയോ, വിതരണം ചെയ്യുകയോ ചെയ്താൽ 200 രൂപ വരെ പിഴചുമത്താം.
- പുകയില ഉൽപന്നങ്ങളുടെ പരസ്യം നൽകുകയോ പ്രസിദ്ധപ്പെടുത്തുകയോ, കാണിക്കുകയോ, പതിക്കുകയോ ചെയ്താൽ ആദ്യതവണ 2 വർഷം വരെ തടവും, 1000 രൂപ വരെ പിഴയും ലഭിക്കും.രണ്ടാം തവണയും തുടർന്നുള്ള തവണകളിലും, അഞ്ചു വർഷം വരെ തടവും, 5000 രൂപ വരെ പിഴയും ലഭിയ്ക്കും.
- മുന്നറിയിപ്പില്ലാതെ ഉള്ള പായ്ക്കറ്റുകളിൽ പുകയില ഉത്പന്നങ്ങൾ വിൽപന നടത്തിയാൽ ആദ്യ തവണ 1 വർഷം വരെ തടവോ 1000 രൂപ വരെ പിഴയോ, രണ്ടും കൂടെയോ ലഭിക്കും. രണ്ടാം തവണയും തുടർന്നുള്ള തവണകളിലും 2 വർഷം വരെ തടവോ, 3000 രൂപ വരെ പിഴയോ, രണ്ടും കൂടെയോ ലഭിക്കും.
- പുകയില ഉത്പന്നങ്ങൾ ഉണ്ടാക്കി ആരോഗ്യമുന്നറിയിപ്പുകൾ ഇല്ലാത്ത പായ്ക്കറ്റുകളിൽ നിറച്ചു വിതരണം ചെയ്താൽ ആദ്യതവണ 5000 രൂപ വരെ പിഴയോ, 5 വർഷം വരെ തടവോ, രണ്ടും കൂടെയോ ലഭിക്കാം. രണ്ടാം തവണയോ, തുടർ തവണകളിലോ, 10000 രൂപ വരെ പിഴയോ, 10 വർഷം തടവോ രണ്ടും കൂടെയോ ലഭിക്കാം.

## നിയമം നടപ്പാക്കൽ

**സബ് ഇൻസ്പെക്ടർ തലത്തിലോ അതിനു മുകളിലുള്ള പോലീസ് ഉദ്യോഗസ്ഥൻമാർക്കോ, അവർക്കുവേണ്ടി അവർ അധികാരപ്പെടുത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്കോ, പിഴ ചുമത്തുകയും, നിയമം അനുശാസിക്കുന്ന തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്. സംസ്ഥാന ഫുഡ് അല്ലെങ്കിൽ ഡ്രഗ്സ് അഡ്മിനിസ്ട്രേറ്റിവ് ഓഫീസർക്കോ, തത്തുല്യ റാങ്ക് ഉള്ള ഉദ്യോഗസ്ഥർക്കോ, നിയമ നിഷേധത്തിനെതിരെ നിയമം അനുശാസിക്കുന്ന നടപടികൾ എടുക്കാവുന്നതാണ്.**

*Secondhand Smoke*
is dangerous to children



smoking around children can cause sudden infant death syndrome (SIDS), lung problems ear infections, and more severe asthma

Published with
input support - PAT & APPLE PROJECT VHAI
Printing Cost Support - American Cancer Society




State Tobacco Resource Centre
Kerala VHS Compound
Mullankuzhy, Collectorate P.O,
Kottayam
Ph: 0481-2572781, 2573875
Web: www.keralavhs.com

# സിഗരറ്റും മറ്റ് പുകയില ഉത്പന്നങ്ങളും (പരസ്യങ്ങളുടെ നിരോധനവും, വ്യാപാര, വ്യവസായ, ഉത്പാദന, വിനിമയ, വിതരണനിയന്ത്രണവും) നിയമം 2003.

## അധികാര പരിധി

ഈ നിയമം ഇന്ത്യയിൽ മുഴുവൻ ബാധകമാണ്. എന്നാൽ സംസ്ഥാനങ്ങൾക്ക് സ്വന്തമായി നിയമങ്ങൾ രൂപപ്പെടുത്താവുന്നതാണ്. ആയത് മേൽപ്പറഞ്ഞ നിയമത്തിലെ വകുപ്പുകൾക്ക് വിരുദ്ധമോ, അവയെ ദുർബലപ്പെടുത്തുന്നതോ ആകാൻ പാടില്ല.

**കേരള സംസ്ഥാനത്തിന് പ്രത്യേക നിയമം ഇല്ലാത്തതിനാൽ സംസ്ഥാനത്ത് കേന്ദ്രനിയമം പ്രാബല്യത്തിൽ ഇരിക്കുന്നു.**

## ഉദ്ദേശം

പൊതുജനതാൽപര്യപ്രകാരം പുകയില വ്യവസായത്തെ സർക്കാരിന്റെ നിയന്ത്രണത്തിൽകൊണ്ടുവരുവാനും, പുകയില ഉപയോഗം കൊണ്ടുള്ള മരണവും, ആരോഗ്യ പ്രശ്നങ്ങളും കുറയ്ക്കുക എന്നുള്ളതുമാണ് സർക്കാർ ഈ നിയമം കൊണ്ട് ഉദ്ദേശിക്കുന്നത്.

## പ്രധാനപ്പെട്ട വകുപ്പുകൾ

- സെക്ഷൻ – 4 : പൊതുസ്ഥലങ്ങളിൽ പുകവലിക്കാൻ പാടില്ല.
- സെക്ഷൻ – 5 : സിഗരറ്റിന്റെയൊ, മറ്റ് പുകയില ഉത്പന്നങ്ങളുടെയൊ പരസ്യം നൽകുവാനൊ, പ്രസിദ്ധീകരിക്കുവാനൊ, പ്രസരണം ചെയ്യുവാനൊ, കാണിക്കുവാനൊ പാടില്ല
- സെക്ഷൻ – 6 : 1). പ്രായപൂർത്തി ആകാത്ത (പതിനെട്ടു വയസ്സിൽ താഴെ ഉള്ള) വ്യക്തിക്ക് സിഗരറ്റോ മറ്റ് പുകയില ഉത്പന്നങ്ങളൊ വിൽക്കുവാനൊ, വിതരണം ചെയ്യുവാനൊ പാടുള്ളതല്ല.

  2). വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നൂറുമീറ്റർ ചുറ്റളവിൽ സിഗരറ്റോ മറ്റ് പുകയില ഉത്പന്നങ്ങളോ വിൽക്കുവാനോ, വിതരണം ചെയ്യുവാനോ പാടില്ല.
- സെക്ഷൻ – 7: പുകയിലയുടേയും ഉൽപന്നങ്ങളുടേയും ഉപയോഗത്തിന്റെ ദൂഷ്യഫലം മുന്നറിയിപ്പായി നൽകുന്ന കവറുകളിലും, പൊതിയലുകളിലും മാത്രമേ സിഗരറ്റോ മറ്റ്, പുകയില ഉത്പന്നങ്ങളോ വിൽക്കാനോ, വിതരണം ചെയ്യാനോ പാടുള്ളു.
- സെക്ഷൻ – 8 : മേൽപറഞ്ഞ മുന്നറിയിപ്പുകൾ വ്യക്തമായതും, യോജ്യമായ നിറത്തിലും വലുപ്പത്തിലും ഉള്ളതായിരിക്കണം.
- സെക്ഷൻ – 9 : മേൽപ്പറഞ്ഞ മുന്നറിയിപ്പുകൾ ഇംഗ്ലീഷിലും, പ്രാദേശിക ഭാഷയിലും രേഖപ്പെടുത്തണം.

## നിയമത്തിലെ നിർവ്വചനങ്ങൾ

**പരസ്യങ്ങൾ** : കാഴ്ചയിൽ പെടുന്ന രീതിയിലുള്ള നോട്ടീസ്, സർക്കുലർ, ലേബൽ, പൊതിച്ചിൽ, മറ്റ് രേഖകൾ എന്നിവയും , ശബ്ദം, വെളിച്ചം, പുക, ഗ്യാസ് എന്നിവ ഉപയോഗിച്ച് സാധാരണ മാർഗ്ഗത്തിലൊ, പ്രസരണത്തിലൂടയൊ നടത്തുന്ന ആഹ്വാനങ്ങൾ, പ്രഖ്യാപനങ്ങൾ എന്നിവയും പരസ്യം എന്നതിന്റെ നിർവ്വചനത്തിൽപ്പെടും.

**വിതരണം** : സാമ്പിളുകളും, സൗജന്യങ്ങളും വിതരണത്തിൽ ഉൾപ്പെടുന്നു.

**ലേബൽ** : എഴുതിയതൊ, രേഖപ്പെടുത്തിയതൊ, പതിച്ചതൊ, അച്ചടിച്ചതൊ അഥവാ ഗ്രാഫിക്സ് ചെയ്തതൊ, പതിപ്പിച്ചതൊ ഉപരിതലത്തിൽ ഉണ്ട് എന്ന് തോന്നലുണ്ടാകുന്നതൊ ആയതെല്ലാം.

**പാക്കേജ്** : പൊതിച്ചിൽ, ബോക്സ്, പെട്ടി, ടിന്ന്, മറ്റ് കണ്ടയ്നറുകൾ

**പൊതുസ്ഥലം**: പൊതുജനങ്ങൾക്ക് കടന്നു ചെല്ലാൻ സാധിക്കുന്ന (അവകാശത്തോടയൊ, അനുവാദത്തോടയൊ) ഏത് സ്ഥലവും– ഉദാഹരണത്തിന് ആഡിറ്റോറിയം, ഹോട്ടലുകൾ, സർക്കാർ ആഫീസുകൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, ലൈബ്രറി, ബസ്റ്റാന്റ്, പൊതുഗതാഗത സൗകര്യങ്ങൾ എന്നിവ. പട്ടണം, ചന്തകൾ, സ്റ്റേഡിയം, പാർക്കുകൾ തുടങ്ങിയവയും പൊതുസ്ഥലത്തിന്റെ നിർവ്വചനത്തിൽപ്പെടുന്നു.